# 64/2011-M

Maximum : 100 marks

Time : 1 hour and 15 minutes

1. 0.333 .... × 0.666 .... =

   (A) 0.181818 ...
   (B) 0.198198 ...
   (C) 0.18
   (D) 0.222 ...

2. $27^{1/6} \times 27^{1/6} =$

   (A) 3
   (B) 9
   (C) 27
   (D) ഇവയൊന്നുമല്ല

3. 40 $cm^2$ ഉപരിതലവിസ്തീർണ്ണമുള്ള മരം കൊണ്ട് നിർമ്മിച്ച ഒരു ഗോളം മുറിച്ച് രണ്ട് അർദ്ധഗോളങ്ങളാക്കി മാറ്റിയാൽ അവ ഓരോന്നിന്റെയും ഉപരിതലവിസ്തീർണ്ണം എത്ര?

   (A) 50 $cm^2$
   (B) 40 $cm^2$
   (C) 30 $cm^2$
   (D) 20 $cm^2$

4. 24 പേർ ദിവസേന 8 മണിക്കൂർ ജോലി ചെയ്താൽ 10 ദിവസം കൊണ്ട് ഒരു ജോലി തീരും. ദിവസേന 10 മണിക്കൂർ ജോലി ചെയ്ത് 6 ദിവസം കൊണ്ട് ആ ജോലി തീർക്കുവാൻ എത്ര ആളുകൾ വേണം?

   (A) 26
   (B) 28
   (C) 30
   (D) 32

5. ഒരാളുടെ ശമ്പളം 10% കുറയ്ക്കുകയും പിന്നീട് 10% കൂട്ടുകയും ചെയ്യു. അയാളുടെ ലാഭം/നഷ്ടം എത്ര ശതമാനം?

   (A) 1% ലാഭം
   (B) 1% നഷ്ടം
   (C) 2% ലാഭം
   (D) ഇവയൊന്നുമല്ല

6. $-\frac{2}{3}$ന്റെ ഗുണന വിപരീതം :

   (A) $-\frac{3}{2}$
   (B) $\frac{3}{2}$
   (C) $\frac{2}{3}$
   (D) $-\frac{2}{3}$

7. ഒരു കുടുംബത്തിലെ 6 പേരുടെ ശരാശരി വയസ്സ് 21 ആണ്. അതിൽ ഇളയകുട്ടിയുടെ പ്രായം 6 വയസ്സ് ആണെങ്കിൽ ആ കുട്ടി ജനിക്കുന്നതിനു തൊട്ടുമുൻപ് പ്രസ്തുത കുടുംബത്തിന്റെ ശരാശരി വയസ്സെത്ര?

(A) 24 (B) 22

(C) 20 (D) 18

8. 36 km/hr വേഗതയിലോടുന്ന 100 m നീളമുള്ള ഒരു ട്രെയിനിന് 80 m നീളമുള്ള ഒരു പാലം കടക്കുന്നതിന് എത്ര സമയം വേണം?

(A) 30 sec (B) 24 sec

(C) 18 sec (D) 10 sec

9. ആകെ 18 ആളുകളുള്ള ഒരു ക്യൂവിൽ അരുൺ മുൻപിൽനിന്ന് ഏഴാമത്തെ ആളും ഗീത പുറകിൽ നിന്ന് പതിനാലാമത്തെ ആളും ആണ്. എങ്കിൽ അവർക്കിടയിൽ എത്ര ആളുകളുണ്ട്?

(A) 1 (B) 3

(C) 5 (D) 7

10. ഒരു കോഡ് ഭാഷയിൽ CAT -നെ SATC എന്നും LION -നെ MIONL എന്നും സൂചിപ്പിക്കുന്നു എങ്കിൽ TIGER -നെ സൂചിപ്പിക്കുന്ന കോഡ് ഏത്?

(A) MRTIGE (B) TREGIT

(C) SIGERT (D) SREGIT

11. കൂട്ടത്തിൽപ്പെടാത്തത് എഴുതുക :

(A) ചാപം (B) വൃത്തം

(C) ത്രികോണം (D) ചതുരം

12. രഘു A-യിൽ നിന്ന് യാത്ര ആരംഭിച്ച് 60 m നടന്ന് വലത്തോട്ട് തിരിഞ്ഞ് 30 m നടന്ന് വലത്തോട്ട് തിരിഞ്ഞ് 20 m നടന്നശേഷം വീണ്ടും വലത്തോട്ട് തിരിഞ്ഞ് 60 m നടന്ന് B-യിലെത്തി. A-യിൽ നിന്ന് B-യിലേക്കുള്ള അകലം എത്ര?

(A) 180 m (B) 50 m

(C) 70 m (D) 80 m

13. 2011 Feb. 1 ചൊവ്വാഴ്ചയാണ്. എങ്കിൽ 2011-ൽ എത്ര ശനിയാഴ്ചകളുണ്ട്?

(A) 52 (B) 53

(C) 54 (D) 51

14. 5 + 3 = 34, 6 + 7 = 85, 11 + 6 = 157, 9 + 4 =

(A) 26 (B) 85

(C) 97 (D) ഇവയൊന്നുമല്ല

15. 1-നും 50-നും ഇടയിൽ 6 കൊണ്ട് നിശ്ശേഷം ഹരിക്കാവുന്നതും അക്കങ്ങളുടെ തുക 6 ആയി വരുന്നതുമായ എത്ര രണ്ടക്ക സംഖ്യകളുണ്ട്?

(A) 2 (B) 3
(C) 4 (D) ഇവയൊന്നുമല്ല

16. ഒരു പരീക്ഷയിൽ ഹീരയ്ക്ക് പ്രീതിയെക്കാളും മാർക്കുണ്ടെങ്കിലും റീനയുടെ അത്രയും മാർക്കില്ല. സീമയ്ക്ക് മോഹിനിയുടെ അത്രയും മാർക്കില്ലെങ്കിലും റീനയെയും ഷീലയെയും അവൾ പിന്നിലാക്കി. കൂട്ടത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയത് ആര്?

(A) ഹീര (B) റീന
(C) സീമ (D) മോഹിനി

17. $x$ ഒരു ഒറ്റ സംഖ്യയാണ്. $x$-നു താഴെയുള്ള എല്ലാ ഒറ്റ സംഖ്യകളും കൂട്ടിയപ്പോൾ 169 കിട്ടി. $x$ എത്ര?

(A) 13 (B) 27
(C) 25 (D) 83

18. $16 \div 8 \div 4 \div 2 =$

(A) 1 (B) 16
(C) $\frac{1}{2}$ (D) $\frac{1}{4}$

19. ഒരു ക്ലാസ്സിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം 2 : 3 എന്ന അംശബന്ധത്തിലാണ്. 2 ആൺകുട്ടികളും 2 പെൺകുട്ടികളും സ്കൂളിൽ നിന്ന് മാറിപോയി. ഇപ്പോൾ അവർ തമ്മിലുള്ള അംശബന്ധം 3 : 5 ആണ്. എങ്കിൽ ഇപ്പോൾ ക്ലാസ്സിലുള്ള പെൺകുട്ടികളുടെ എണ്ണം എത്ര?

(A) 8 (B) 10
(C) 16 (D) 20

20. 10, 18, 45, 109, —

(A) 208 (B) 230
(C) 234 (D) 256

21. കേസരി പത്രം ആരുടേതാണ്?

(A) ബാലഗംഗാധര തിലകൻ (B) ഗോപാലകൃഷ്ണ ഗോഖലെ
(C) എം.ജി. റാനഡെ (D) അരവിന്ദഘോഷ്

22. ഇന്ത്യയിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ സത്യാഗ്രഹം എവിടെ വച്ചായിരുന്നു?

(A) ഖേദ (B) അഹമ്മദാബാദ്

(C) ചമ്പാരൻ (D) വൈക്കം

23. 'നിങ്ങൾ എനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം' എന്ന് പ്രഖ്യാപിച്ച നേതാവ് :

(A) ഭഗത്സിംഗ് (B) ചന്ദ്രശേഖർ ആസാദ്

(C) സി.ആർ. ദാസ് (D) സുഭാഷ് ചന്ദ്രബോസ്

24. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപം കൊണ്ട ആദ്യ സംസ്ഥാനം :

(A) ആന്ധ്രാപ്രദേശ് (B) കേരളം

(C) കർണ്ണാടകം (D) പഞ്ചാബ്

25. ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച വർഷം :

(A) 1981 (B) 1980

(C) 1974 (D) 1975

26. ഇന്ത്യൻ വ്യോമസേനയുടെ 'ഓണററി ഗ്രൂപ്പ് ക്യാപ്റ്റൻ' പദവി ലഭിച്ച കായികതാരം :

(A) വിശ്വനാഥൻ ആനന്ദ് (B) സച്ചിൻ ടെണ്ടുൽക്കർ

(C) ലിയാണ്ടർ പേസ് (D) ശ്രീശാന്ത്

27. ചോള രാജാക്കന്മാരുടെ രാജകീയ മുദ്ര :

(A) സിംഹം (B) ആന

(C) കടുവ (D) കുതിര

28. ദത്താവകാശ നിരോധന നയം നടപ്പിലാക്കിയതാര്?

(A) ഡൽഹൗസി (B) കാനിംഗ്

(C) കഴ്സൺ (D) റിപ്പൺ

29. ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെടുന്നതാര്?

(A) മോത്തിലാൽ നെഹ്റു (B) അബ്ദുൾ ഖാദർ മൗലവി

(C) ലാലാ ലജ്പത് റായി (D) ദാദാബായ് നവറോജി

30. ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ഇന്ത്യൻ സംസ്ഥാനം :

(A) കേരളം (B) ഗുജറാത്ത്

(C) ആന്ധ്രാപ്രദേശ് (D) തമിഴ്നാട്

31. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിൽ 2009-10 വർഷത്തെ മികച്ച സംസ്ഥാനത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ചത് :

(A) തമിഴ്നാട് (B) കർണ്ണാടകം

(C) കേരളം (D) പശ്ചിമബംഗാൾ

32. ദേശീയ ഗ്രാമീണ ആരോഗ്യ പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും നിയമിക്കപ്പെടുന്ന അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകർ :

(A) കുടുംബശ്രീ (B) ആശ

(C) സാന്ത്വനം (D) സമഗ്ര

33. കേരളത്തിലെ ആദ്യത്തെ ബാലഗ്രാമ പഞ്ചായത്ത് :

(A) നെടുമ്പാശ്ശേരി (B) പനങ്ങാട്

(C) അടാട്ട് (D) വള്ളിക്കുന്ന്

34. ഏറ്റവും കൂടുതൽ കാലം ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നതാര്?

(A) ഇന്ദിരാഗാന്ധി (B) ചരൺസിംഗ്

(C) ജവഹർലാൽ നെഹ്റു (D) മൊറാർജി ദേശായി

35. സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ആദ്യ മലയാളി :

(A) പി. ഗോവിന്ദമേനോൻ (B) കെ.കെ. മാത്യു

(C) വി.ആർ. കൃഷ്ണയ്യർ (D) കെ.ജി. ബാലകൃഷ്ണൻ

36. കേരള സർക്കാർ 2004-ൽ ആരംഭിച്ച ഇൻഫോപാർക്ക് സ്ഥിതിചെയ്യുന്നതെവിടെ?

(A) തിരുവനന്തപുരം (B) കൊച്ചി

(C) എറണാകുളം (D) കോഴിക്കോട്

37. ഇന്ത്യയിലെ ഏറ്റവും വലിയ അർദ്ധ സൈനിക വിഭാഗം :

(A) ആസ്സാം റൈഫിൾസ് (B) രാഷ്ട്രീയ റൈഫിൾസ്

(C) ഇന്തോ-ടിബറ്റൻ ബോർഡർ പോലീസ് (D) സി.ആർ.പി.എഫ്

38. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവെന്ന് അറിയപ്പെടുന്നതാര്?

(A) രാജാറാം മോഹൻ റോയി
(B) ബങ്കിം ചന്ദ്ര ചാറ്റർജി
(C) വിവേകാനന്ദൻ
(D) ദയാനന്ദ സരസ്വതി

39. ഡൽഹി സിംഹാസനത്തിലിരുന്ന ആദ്യ വനിത സുൽത്താന റസിയ ഏത് രാജവംശത്തിൽപ്പെട്ടതാണ്?

(A) തുഗ്ലക്ക് വംശം
(B) ലോദി വംശം
(C) അടിമ വംശം
(D) ഖിൽജി വംശം

40. പ്രാചീന കാലത്ത് കേരളം ഉൾപ്പെടുന്ന പ്രദേശങ്ങൾ ഭരിച്ചിരുന്ന രാജവംശം :

(A) പാണ്ഡ്യന്മാർ
(B) ചേരന്മാർ
(C) ചോളന്മാർ
(D) പല്ലവന്മാർ

41. ഹോർത്തൂസ് മലബാറിക്കസ് എന്ന സസ്യശാസ്ത്ര ഗ്രന്ഥം ആരുടെ സംഭാവനയാണ്?

(A) പോർട്ടുഗീസുകാർ
(B) ഇംഗ്ലീഷുകാർ
(C) ഫ്രഞ്ചുകാർ
(D) ഡച്ചുകാർ

42. 'പ്രോജക്ട് ആരോ' എന്ന സംരംഭം ഏത് മേഖലയുമായി ബന്ധപ്പെട്ടതാണ്?

(A) തപാൽ
(B) ടെലികമ്മ്യൂണിക്കേഷൻ
(C) റയിൽവെ
(D) പത്രം

43. ചാർമിനാർ സ്ഥിതിചെയ്യുന്നതെവിടെ?

(A) ആഗ്ര
(B) ബോംബെ
(C) ഹൈദരാബാദ്
(D) കൽക്കട്ട

44. 'രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ' ഏത് വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ടതാണ്?

(A) പ്രൈമറി വിദ്യാഭ്യാസം
(B) സെക്കണ്ടറി വിദ്യാഭ്യാസം
(C) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
(D) സാങ്കേതിക വിദ്യാഭ്യാസം

45. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം എവിടെയാണ്?

(A) കരിപ്പൂർ
(B) ആലുവ
(C) വല്ലാർപാടം
(D) നെടുമ്പാശ്ശേരി

46. ലോകത്തിലെ ഏക ജൂതരാഷ്ട്രം :

(A) ലബനൻ
(B) ഇസ്രായേൽ
(C) സിറിയ
(D) ഇന്തോനേഷ്യ

47. മനുഷ്യ നിർമ്മിതമായ ഏറ്റവും വലിയ കെട്ടിടമെന്ന് അവകാശപ്പെടുന്ന ബുർജ് ഖലീഫ എവിടെയാണ്?

(A) ദുബായ്
(B) സൗദി അറേബ്യ
(C) കുവൈറ്റ്
(D) അബുദാബി

48. 'ഹിമാദ്രി' എന്ന പര്യവേഷണ കേന്ദ്രം ഭൂമിയുടെ ഏത് മേഖല കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്?

(A) അന്റാർട്ടിക്ക
(B) മിതോഷ്ണമേഖല
(C) ആർട്ടിക് പ്രദേശം
(D) ഉഷ്ണമേഖല

49. മത്സ്യ സമുദ്ര ശാസ്ത്ര പഠനത്തിനായി കേരളത്തിൽ ആരംഭിച്ച സർവ്വകലാശാലയുടെ ആസ്ഥാനം :

(A) തിരുവനന്തപുരം
(B) കൊച്ചി
(C) കോഴിക്കോട്
(D) കണ്ണൂർ

50. അടിസ്ഥാന മനുഷ്യാവകാശങ്ങളിൽ ഒന്നായി 2010-ൽ UNO പ്രഖ്യാപിച്ചത് :

(A) പാർപ്പിടത്തിനുള്ള അവകാശം
(B) വിദ്യാഭ്യാസാവകാശം
(C) സമത്വത്തിനുള്ള അവകാശം
(D) ശുദ്ധജലത്തിനും, ശുചിത്വത്തിനുമുള്ള അവകാശം

51. അന്തരീക്ഷത്തിലേക്ക് കാർബൺഡയോക്സൈഡ് പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് മേൽ ചുമത്തുന്ന കാർബൺ നികുതി ആദ്യമായി ഏർപ്പെടുത്തിയ രാജ്യം :

(A) കാനഡ
(B) അമേരിക്ക
(C) റഷ്യ
(D) ന്യൂസിലാന്റ്

52. ഇന്ത്യയുടെ ദേശീയ വിനോദം :

(A) ഹോക്കി
(B) ക്രിക്കറ്റ്
(C) ടെന്നീസ്
(D) ഫുട്ബോൾ

53. വൈറ്റ് ഹൗസ് ആരുടെ ഔദ്യോഗിക വസതിയാണ്?

(A) ബ്രിട്ടീഷ് പ്രധാനമന്ത്രി
(B) ഇന്ത്യൻ പ്രസിഡന്റ്
(C) അമേരിക്കൻ പ്രസിഡന്റ്
(D) പാകിസ്ഥാൻ പ്രസിഡന്റ്

54. ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയ വർഷം :

(A) 2007
(B) 2008
(C) 2009
(D) 2010

55. മലയാള ഭാഷയിൽ ആദ്യമായി ജ്ഞാനപീഠം അവാർഡ് നേടിയ എഴുത്തുകാരൻ :

(A) ജി. ശങ്കരക്കുറുപ്പ്
(B) എം.ടി. വാസുദേവൻ നായർ
(C) എസ്.കെ. പൊറ്റക്കാട്
(D) ഒ.എൻ.വി. കുറുപ്പ്

56. ലോകത്തിലെ ഏറ്റവും വില കുറഞ്ഞ നാനോ കാറിന്റെ നിർമ്മാതാക്കൾ :

(A) മാരുതി
(B) റ്റാറ്റ (Tata)
(C) ഹ്യുണ്ടായ്
(D) ഹോണ്ട

57. തന്നിരിക്കുന്നതിൽ വിറ്റാമിന്റെ കുറവുമൂലം ഉണ്ടാകുന്ന രോഗം :

(A) ഡിഫ്ത്തീരിയ
(B) എയ്ഡ്സ് (AIDS)
(C) ആർത്രൈറ്റിസ്
(D) നിശാന്ധത

58. സൂര്യക്ഷേത്രം സ്ഥിതിചെയ്യുന്നതെവിടെയാണ്?

(A) ബീഹാർ
(B) കേരളം
(C) ഒറീസ്സ
(D) തമിഴ്നാട്

59. മനുഷ്യാവകാശദിനമായി ആചരിക്കുന്നത് :

(A) ഡിസംബർ 1
(B) ഡിസംബർ 10
(C) ഡിസംബർ 3
(D) ഡിസംബർ 4

60. 'ഗോൾഡൻ ഗ്ലോബ് ' അവാർഡ് ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ചലച്ചിത്രം
(B) നൃത്തം
(C) സംഗീതം
(D) സ്പോർട്സ്

61. ഗാന്ധിജിയുടെ അന്ത്യവിശ്രമ സ്ഥലം :

(A) ശാന്തിവനം
(B) വിജയ്ഘട്ട്
(C) ശക്തിസ്ഥൽ
(D) രാജ്ഘട്ട്

62. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്നതെന്നാണ്?

(A) 1990
(B) 1998
(C) 1995
(D) 1993

63. സംസ്ഥാന വനിതാ കമ്മീഷന്റെ ആസ്ഥാനം :

(A) തിരുവനന്തപുരം
(B) എറണാകുളം
(C) കോഴിക്കോട്
(D) ആലപ്പുഴ

64. ഐക്യരാഷ്ട്ര സഭയിൽ ആദ്യമായി ഹിന്ദിയിൽ പ്രസംഗിച്ചതാര്?

(A) എൽ.കെ. അദ്വാനി
(B) വി.കെ. കൃഷ്ണമേനോൻ
(C) ശശി തരൂർ
(D) എ.ബി. വാജ്പേയി

65. ഏഴ് ദ്വീപുകളുടെ നഗരം എന്നറിയപ്പെടുന്നതേത്?

(A) കൊൽക്കത്ത
(B) ചെന്നൈ
(C) മുംബൈ
(D) അഹമ്മദാബാദ്

66. കേരളത്തിന്റെ ദേശീയ മത്സ്യം :

(A) കരിമീൻ
(B) മത്തി
(C) ചെമ്മീൻ
(D) അയല

67. 2010-ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക്?

(A) സുഗതകുമാരി
(B) സാറാ ജോസഫ്
(C) പി. വത്സല
(D) ഡോ. എം. ലീലാവതി

68. ഇന്ത്യയുടെ സമ്പൂർണ്ണ വിദ്യാഭ്യാസ ഉപഗ്രഹം :

(A) കൽപന
(B) ഇൻസാറ്റ്
(C) എഡ്യൂസാറ്റ്
(D) അനുസാറ്റ്

69. 2010-ൽ ആഫ്രിക്കയിൽ നടന്ന ലോകകപ്പ് ഫുട്ബോളിൽ കിരീടമണിഞ്ഞ രാജ്യം :

(A) ഇറ്റലി
(B) സ്പെയിൻ
(C) ജർമ്മനി
(D) ബ്രസീൽ

70. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം ആരംഭിച്ചതെന്ന്?

(A) 1945
(B) 1942
(C) 1947
(D) 1940

71. People won't like me, ——————

(A) don't they? (B) do they?

(C) will they? (D) won't they?

72. We can travel —————— land or water.

(A) by (B) on

(C) through (D) in

73. He came after his friend ——————.

(A) has left (B) have left

(C) is left (D) had left

74. From here we can watch the —————— of the sun.

(A) rise (B) rising

(C) risen (D) rose

75. The number of girls —————— very low.

(A) are (B) is

(C) were (D) have

76. This is —————— unusual matter.

(A) an (B) the

(C) a (D) of

77. The weak should not ——————.

(A) insulted (B) insulting

(C) be insulting (D) be insulted

78. Ram is the —————— of all the boys.

(A) able (B) abler

(C) ablest (D) clever

79. Opposite of the word "conceal" is :

(A) close (B) reveal

(C) open (D) discover

80. Synonym of "liberal" is :

(A) loving (B) tolerant

(C) generous (D) gentle

81. There was complete peace during his ——————.

(A) rain (B) rein

(C) reigne (D) reign

82. "In high spirits" means :

(A) confused (B) cheerful

(C) thoughtful (D) sad

83. A government by one person is :

(A) autocracy (B) oligarchy

(C) bureaucracy (D) theocracy

84. I waited for hours, but my friend did not ——————.

(A) turn about (B) turn around

(C) turn up (D) turn out

85. The wrongly spelt word is :

(A) referring (B) begining

(C) accepting (D) stopping

86. Teacher asked the students —————— make noise.

(A) do not (B) should not

(C) not to (D) does not

87. —————— you ring the bell, they won't open the door.

(A) If (B) Unless

(C) Though (D) Till

88. If you make a promise, you —————— it.

(A) must keep (B) have kept

(C) kept (D) keep

89. There is an exception —————— every rule.

(A) for (B) to

(C) on (D) at

90. We respect people —————— speak the truth.

(A) who (B) whom

(C) which (D) whose

91. തെറ്റായ പ്രയോഗം കണ്ടെത്തുക :

(A) ഒരിക്കൽ കൂടി ഞാൻ അദ്ദേഹത്തെ കാണാൻ പോകും

(B) വീണ്ടും ഞാൻ അദ്ദേഹത്തെ കാണാൻ പോകും

(C) ഞാൻ അദ്ദേഹത്തെ കാണാൻ ഒരിക്കൽ കൂടി പോകും

(D) വീണ്ടും ഒരിക്കൽ കൂടി ഞാൻ അദ്ദേഹത്തെ കാണാൻ പോകും

92. താഴെ കൊടുത്തിരിക്കുന്നതിൽ ശരിയായ പദം ഏത്?

(A) പ്രാരബ്ദം (B) പ്രാരബ്ധം

(C) പ്രാരാബ്ധം (D) പ്രാരാബ്ദം

93. ആഗമസന്ധിക്ക് ഉദാഹരണമേത്?

(A) നെൻമണി (B) പടക്കളം

(C) നിറപറ (D) തിരുവോണം

94. 'ആകാശം' എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത്?

(A) വാനം (B) കുമുദം

(C) ഗഗനം (D) വ്യോമം

95. 'കേശവീയം' എന്ന മഹാകാവ്യത്തിന്റെ കർത്താവ് ആരാണ്?

(A) കെ.സി. കേശവപിള്ള (B) കുറ്റിപ്പുറത്ത് കേശവൻ നായർ

(C) വള്ളത്തോൾ നാരായണമേനോൻ (D) ഉള്ളൂർ എസ്. പരമേശ്വരയ്യർ

96. 'ഉറൂബ്' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ :

(A) പി.സി. ഗോപാലൻ (B) എൻ. കൃഷ്ണപിള്ള

(C) കുറ്റിപ്പുഴ കൃഷ്ണപിള്ള (D) പി.സി. കുട്ടിക്കൃഷ്ണൻ

97. 'To go on' എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?

(A) തുടരുക (B) കടന്നു പോവുക

(C) യാത്രയാവുക (D) നടന്നു പോവുക

98. 'Where there is a will, there is a way' - സമാനമായ പഴഞ്ചൊല്ല് ഏത്?

(A) ഐക്യമത്യം മഹാബലം (B) പല തുള്ളി പെരുവെള്ളം

(C) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും (D) പയ്യെത്തിന്നാൽ പനയും തിന്നാം

99. 2007-ലെ ജ്ഞാനപീഠ പുരസ്കാരം ലഭിച്ച സാഹിത്യകാരൻ ആരാണ്?

(A) വി.എസ്. ഖാണ്ഡേക്കർ (B) ഒ.എൻ.വി. കുറുപ്പ്

(C) എം.ടി. വാസുദേവൻ നായർ (D) മഹാശ്വേതാ ദേവി

100. പ്രയോജക ക്രിയയ്ക്ക് ഉദാഹരണമേത്?

(A) നടക്കുക (B) പഠിക്കുക

(C) ഓടിക്കുക (D) ഇരിക്കുക